ഉത്തരം

(എ) വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ.

(ബി) ഉണ്ട്.

(സി) വയനാട് ട്രൈബൽ ഹെൽത്ത് കെയർ സൊസൈറ്റിയുടെ 7-ാമത് ഗവേണിംഗ് ബോഡി ഇക്കാര്യം ചർച്ച ചെയ്യുകയും കാസർഗോഡ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരിൽനിന്നും വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെടാനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

വയനാട് സുഗന്ധഗിരി പ്രോജക്ടിലെ ജീവനക്കാരുടെ പുനരധിവാസം

70 [2455] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സുഗന്ധഗിരി പ്രോജക്ട് വക ഭൂമി ആദിവാസികൾക്ക് പതിച്ചുനൽകുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന പ്രോജക്ട് സ്റ്റാഫിന്റെ പുനരധിവാസത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടിൽ എത്ര ജീവനക്കാർ ജോലിചെയ്തിരുന്നു;

(ഡി) ഈ ജീവനക്കാർക്ക് വി. ആർ. എസ്. ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വി. ആർ. എസ്. നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പ്രോജക്ടിലെ തൊഴിലാളികളുടെ പുനരധിവാസകാര്യം ചർച്ച ചെയ്യുന്നതിന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൊഴിലാളിപ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 71 പേർ.

(ഡി) & (ഇ) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly